## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **5655** — 02.07.2014 - ൽ മറുപടിയ്ക്ക്

## ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള ഗ്രേഡ് I ഫാർമസിസ്റ്റുകളുടെ സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഭാരതീയ ചികിത്സ വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന ഗ്രേഡ് I ഫാർമസിസ്റ്റുകളുടെ സ്ഥലംമാറ്റം കഴിഞ്ഞ വർഷം വരെ എങ്ങിനെയാണ് നടന്നിരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി ഓരോ വർഷവും ഗ്രേഡ് I ഫാർമസിസ്റ്റുമാരുടെ സ്ഥലംമാറ്റം നടത്തുന്നതിന് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുവാദം നൽകിയിരുന്നു. |
| (ബി) ഇപ്പോൾ ഇതിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇങ്ങനെ മാറ്റം വരുത്താനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. മുൻവർഷങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ നടത്തിയ ഗ്രേഡ് I ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ വകുപ്പ് മേധാവിയുടെ അംഗീകാരത്തിനായി ലഭിയ്ക്കാതെ വന്ന സാഹചര്യത്തിലാണ് ഈ വർഷം സ്ഥലംമാറ്റം വകുപ്പ് മേധാവിയുടെ ഓഫീസിൽ നിന്നു തന്നെ നടത്തുവാൻ കാരണമായത്. |
| (സി) സ്ഥലംമാറ്റ ഉത്തരവിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോ ; ഒരു കേന്ദ്രത്തിൽ 3 വർഷം പൂർത്തിയാകാത്തവരെ പോലും അന്തിമ ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടോ ; | (സി) ലോകസഭാ തെരെഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല. മൂന്നു വർഷം പൂർത്തിയാകാൻ 20 ദിവസം ബാക്കിയുണ്ടായിരുന്ന ഒരാളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ഡി) കോഴിക്കോട് ജില്ലയിൽ ഈ വർഷം സ്ഥലംമാറ്റപ്പെട്ട ഗ്രേഡ് I ഫാർമസിസ്റ്റുകൾ ആരൊക്കെയാണെന്നും ഇവർ ആവശ്യപ്പെട്ട സ്ഥലങ്ങൾ ഏതൊക്കെയാണെന്നും ഇവരെ മാറ്റിയത് ഏതൊക്കെ സ്ഥലത്തേയ്ക്കാണെന്നും വ്യക്തമാക്കുമോ ;

(ഡി) അനുബന്ധമായി ചേർക്കുന്നു.

(ഇ) ഇതു സംബന്ധിച്ച് ആരൊക്കെ പരാതി നൽകിയെന്നും പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ ?

(ഇ) സ്ഥലംമാറ്റത്തിനെതിരെ ആയുർവേദ ഫാർമസിസ്റ്റ് അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. രാഘവൻ ടിയാന്റെ ഭാര്യയായ ശ്രീമതി സുവർണ്ണ ഭട്ടിന്റെയും , ശ്രീ. വേലായുധന്റെയും ശ്രീ. രമേഷ് കുമാറിന്റെയും സ്ഥലംമാറ്റം റദ്ദ ചെയ്യുവാൻ അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ രമേശ് കുമാർ, ശ്രീമതി സുവർണ്ണഭട്ട് എന്നിവരും സ്ഥലംമാറ്റം റദ്ദ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി രണ്ട് പേരിൽ ശ്രീമതി സുവർണ്ണഭട്ട് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നടുവണ്ണൂരിലേയ്ക്ക് മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നുള്ളൂ. ടിയാളുടെ ബാലുശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്ത് മുച്ചുകുന്ന് (ടിയാളുടെ വീട്ടിൽ നിന്ന് 10 കിലോമീറ്റർ താഴെ മാത്രം ദൂരം) ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ശ്രീ. രമേഷ് കുമാർ

ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിൽ
സ്ഥലംമാറ്റം അനുവദിക്കുവാൻ
കഴിയാതെ വന്നതിനാൽ ടിയാനെ
ജില്ലയ്ക്കകത്തു തന്നെയുള്ള കുരുവട്ടൂർ
ഗവൺമെന്റ് ആയുർവേദ
ഡിസ്പെൻസറിയിലേയ്ക്ക്
സ്ഥലംമാറ്റുകയുണ്ടായി.

സെക്ഷൻ ഓഫീസർ

കോഴിക്കോട് ജില്ലയിൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നവർ

| ക്രമ നമ്പർ | പേരും, ജോലി ചെയ്തു വന്നിരുന്ന സ്ഥാപനവും | ഇപ്പോൾ ജോലി ചെയ്തുവരുന്ന സ്ഥാപനത്തിൽ ജോയിൻ ചെയ്ത തിയതി | സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്ഥാപനം | സ്ഥലം മാറ്റം നൽകിയ സ്ഥാപനം | റിമാർക്സ് |
| --- | --- | --- | --- | --- | --- |
| 1 | [illegible] ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അരിക്കുളം | 11 - 06 - 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നടുവണ്ണൂർ മാത്രം | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി മുച്ചുക്കുന്ന് | വീട്ടിൽനിന്നും 1.5 കിലോമീറ്റർ ദൂരം |
| 2 | പ്രേം മോഹൻ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നരക്കോട് | 11 - 06 - 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കായക്കൊടി ചെമ്പനോട് അരിക്കുളം നടുവണ്ണൂർ മരുതോങ്കര | നിലനിർത്തി | |
| 3 | സി. രാഘവൻ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കീഴരിയൂർ | 11 - 06 - 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അരിക്കുളം നടുവണ്ണൂർ | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അരിക്കുളം | |
| 4 | രമേഷ്കുമാർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി മുച്ചുക്കുന്ന് | 11 - 06 - 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നരക്കോട് കീഴരിയൂർ അരിക്കുളം നടുവണ്ണൂർ | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കുരുവട്ടൂർ | |
| 5 | അനിൽ. പി. കെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നടുവണ്ണൂർ | 30 - 11 - 2009 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കീഴരിയൂർ മുച്ചുക്കുന്ന് നരക്കോട് അരിക്കുളം | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കീഴരിയൂർ | |
| 6 | ബഷീർ. കെ. കെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പന്നിക്കോട്ടൂർ | 16 - 06 - 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി [illegible] കിഴക്കോത്ത് കാക്കൂർ കട്ടിപ്പാറ | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കാക്കൂർ | |

| | | | | | |
|---|---|---|---|---|---|
| 7 | റ്റി. പുഷ്പ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അണ്ടിക്കോട് | 10 – 07 – 2008 | – – | നിലനിർത്തി | PH Employee Locomotor |
| 8 | സി.കെ സതി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കാക്കൂർ | 16 – 06 – 2010 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ഉടവൂർ കിഴക്കോത്ത് പന്നിക്കൊട്ടൂർ താമരശ്ശേരി നന്മണ്ട | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കിഴക്കോത്ത് | |
| 9 | കെ.കെ. വേലായുധൻ ഗവൺമെന്റ് ആയുർവേദ ആശുപത്രി ബാലുശ്ശേരി | 20 – 06 – 2011 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അണ്ടിക്കോട് അത്തോളി നന്മണ്ട ഉള്ളിയേരി എലത്തൂർ | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നടുവണ്ണൂർ | |

സെക്ഷൻ ഓഫീസർ